(ഇ) തടി ഇറക്കുമതി ചെയ്യുമ്പോൾ വനംവകുപ്പ് നികുതിയൊന്നും ഈടാക്കുന്നില്ല.

(എഫ്) തടിയുടെ കാര്യത്തിൽ സംസ്ഥാനത്തിന് വനങ്ങളെമാത്രം ആശ്രയിക്കുവാൻ സാധ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി താഴെപറയുന്ന കാര്യങ്ങൾ വനം വകുപ്പ് ഇപ്പോൾ ചെയ്യുന്നുണ്ട്.

1. വനത്തിലെ തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത കൂട്ടുന്നതിനായി നല്ലയിനം നടീൽ വസ്തുക്കൾ ഉണ്ടാക്കി ഉപയോഗിക്കുന്നു.

2. വനത്തിന് പുറത്തുള്ള സ്ഥലങ്ങളിൽ കൂടുതൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാനായി വനവൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്കും സന്നദ്ധ സംഘടനകൾക്കും നൽകുന്നു. ഇപ്രകാരം ഈ വർഷം 20 ലക്ഷം തൈകൾ നൽകിവരുന്നു. ജനങ്ങൾക്ക് ആവശ്യമുള്ള തടി അവരവരുടെ പുരയിടങ്ങളിലും ഉപയോഗരഹിതമായ പൊതുസ്ഥലങ്ങളിലും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം.

## വനംവകുപ്പിലെ ഡ്രൈവർമാർക്ക് ഗ്രേഡ് പ്രമോഷൻ

108 [1046] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഡ്രൈവർമാർക്ക് ഗ്രേഡ് പ്രമോഷൻ നൽകുന്നതിന് ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; അതിൻപ്രകാരം അർഹതയുള്ള എല്ലാ ഡ്രൈവർമാർക്കും ഗ്രേഡ് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) വനം വകുപ്പിൽ ഇപ്പോൾ എത്ര വാഹനങ്ങൾ നിലവിലുണ്ട്; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള എത്ര വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്;

(ഇ) വാഹനങ്ങൾ വാങ്ങുമ്പോൾ സ്ഥിരം ഡ്രൈവർമാരുടെ തസ്തികകൂടി സൃഷ്ടിച്ചുകൊണ്ട് മാത്രമേ വാങ്ങാവൂ എന്ന സർക്കാർ ഉത്തരവ് വനം വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ;

(എഫ്) വനം വകുപ്പിലെ വാഹനങ്ങളുടെ സർക്കിൾ തലത്തിലുള്ള മേൽനോട്ടത്തിന് ഓരോ വെഹിക്കിൾ സെൽ രൂപീകരിച്ച് ഡ്രൈവർമാർക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രമോഷൻ നൽകി വെഹിക്കിൾ സൂപ്പർവൈസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) 25-11-1998-ലെ സർക്കാർ ഉത്തരവ് (പി)നം. 3000/98/ ധന. പ്രകാരം ഡ്രൈവർമാർക്ക് അനുവദിച്ചിട്ടുള്ള 1:2 റേഷ്യോ പ്രമോഷൻ വനം വകുപ്പിലെ ഡ്രൈവർമാർക്ക് നൽകുന്നതിനായി 1-1-2005 തീയതി കണക്കാക്കി അവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ വനം വകുപ്പിലെ ഡ്രൈവർമാർക്ക് 10, 18, 23 വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് സമയബന്ധിത ഗ്രേഡ് അനുവദിച്ചുവരുന്നുണ്ട്.

(ബി) 1-1-1998 തീയതി കണക്കാക്കിയുള്ള ഡ്രൈവർമാരുടെ സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡ്രൈവർമാരുടെ നിയമനം ജില്ലാതലത്തിലായതിനാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരാണ് നിയമനാധികാരി. നിയമനാധികാരികളിൽനിന്നും ഡ്രൈവർമാരുടെ സേവനവിവരം ശേഖരിക്കുന്നതിനുള്ള കാലതാമസം കാരണമാണ് ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ കഴിയാതെ വന്നിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) നിർദ്ദേശം നിലവിലുണ്ട്.

(എഫ്) ഈ നിർദ്ദേശം പരിഗണനാർഹമാണെന്ന് കരുതുന്നില്ല.

**തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം**

109 [1048] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന്റെ ഏതെല്ലാം ഭാഗങ്ങൾ പ്രോജക്ട് അനുസരിച്ച് പൂർത്തിയായിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ബാങ്ക് കണക്ഷനും ഫ്ളഡ് ബാങ്കും നിർമ്മിക്കുന്നതുകൊണ്ട് ഈ പദ്ധതിക്കുള്ള ഗുണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) കോണ്ടൂർ സർവ്വെയും, സെന്റും, ഐ. ഡി. ആർ. ബി. യും ബാങ്ക് കണക്ഷനും ഫ്ളഡ് ബാങ്കും നിർമ്മിക്കുന്നതിന് പഠനമോ സർവ്വെയോ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവർ വച്ച നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ബ്രിഡ്ജിന്റെ സ്പാനുകളും അബാർട്ടുമെന്റും, അപ്രോച്ച് റോഡും എങ്ങിനെ ബന്ധിപ്പിക്കാനാണ് പ്രോജക്ടിലും ഡിസൈനിലും പറയുന്നത്; അത് പ്രകാരം പൂർത്തിയായോ;

---

1047-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly.